**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട** **12.05.2017-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 363**

## മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എം. മുകേഷ്**<br>**ശ്രീ. എസ്. ശർമ്മ**<br>**ശ്രീ. വി. അബ്ദുറഹിമാൻ**<br>**ശ്രീ. കെ. ആൻസലൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യ തൊഴിൽ മേഖല നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കടൽ മത്സ്യവിഭവ ശോഷണമായതിനാൽ അമിതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനും മത്സ്യബന്ധനോപകരണങ്ങളുടെ ഉടമാവകാശം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി പരിമിതപ്പെടുത്തുന്നതിനും ഉതകുന്ന സമഗ്ര ജലപരിഷ്കരണ നിയമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. പിടിക്കുന്ന മത്സ്യത്തിന്റെ ആദ്യ വില്പനാവകാശം മത്സ്യത്തൊഴിലാളികൾക്കു ഉറപ്പുവരുത്തുന്നതിനും മത്സ്യസമ്പത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ഉതകുമാറ് "കേരള അക്വോറിയൻ റിഫോംസ് ബിൽ" കൊണ്ടു വരുന്നതിന് ഉദ്ദേശിക്കുന്നു. അതിന്റെ കരട് ബിൽ ഭേദഗതികൾ വരുത്തി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. മത്സ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികളിൽ നിക്ഷിപ്തമാക്കുന്നതിനും ഈ നിയമ നിർമ്മാണം മുഖേന നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലാണ്. അമിതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. മത്സ്യയിനങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (Minimum Legal Size) നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. അതുപോലെ ശാസ്ത്രീയമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് നിലവിലെ കെ. എം. എഫ്. ആർ ആക്ട് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മത്സ്യത്തൊഴിലാളിക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കി ഗുണഭോക്താവിന് കേടുകൂടാതെ മത്സ്യം ലഭ്യമാക്കുന്നതിന് ഉതകുന്ന വിധം മത്സ്യലേലം, വിപണനം, ഗുണനിലവാര മേൽ നോട്ടവും നിയന്ത്രണവും ബിൽ - 2017 "ഫിഷ് ഓക്ഷനിംഗ്, മാർക്കറ്റിഗ് & ക്വാളിറ്റി മാനേജ്മെന്റ് ബിൽ 2017" എന്നിവ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു ണ്ട്. |
| (ബി) | മണ്ണെണ്ണ വില ക്രമാനുഗതമായി വർദ്ധിപ്പിക്കുന്ന കേന്ദ്ര സർക്കാർ നയം കൊണ്ടും മണ്ണെണ്ണ ലഭ്യതക്കുറവ് കൊണ്ടും മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നം പരിഹരിക്കാനായി സർക്കാർ ഏതുവിധത്തിൽ ഇടപെടുന്നുവെന്ന് അറിയിക്കാമോ; | (ബി) | മണ്ണെണ്ണ വില കേന്ദ്ര സർക്കാർ ക്രമാനുഗതമായി വർദ്ധിപ്പിക്കുന്നതുമൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നപരിഹാരത്തിനായി മത്സ്യഫെഡ് മുഖേന ലിറ്ററിന് 25/- രൂപ (ഇരുപത്തി അഞ്ച് രൂപ) സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ മത്സ്യ ത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | മണ്ണെണ്ണ ലഭ്യതക്കുറവ് പരിഹരിക്കാനായി മത്സ്യഫെഡ് ഒമ്പത് തീരദേശ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള 13 മണ്ണെണ്ണ ബങ്ക് വഴി എഞ്ചിന്റെ ഹോഴ്സ് പവ്വർ (കുതിരശക്തി) അനുസരിച്ച് നിശ്ചിത അളവിൽ പെർമിറ്റ് അടിസ്ഥാനത്തിൽ സബ്സിഡിയായും വിപണി നിരക്കിലും വെള്ള മണ്ണെണ്ണ നൽകി വരുന്നു. |
| (സി) | ഉപഭോക്താക്കൾ മത്സ്യത്തിന് വൻ വില കൊടുക്കേണ്ടി വരുമ്പോഴും മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്ക് ന്യായവില ലഭിക്കാത്ത തരത്തിൽ ഇടത്തട്ടുകാർ നടത്തുന്ന ചൂഷണം ഒഴിവാക്കാനായി എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ? | (സി) | പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി തീരദേശ ലേല സമ്പ്രദായം നടപ്പിലാക്കിയ തിനാൽ ഒരു പരിധി വരെ മത്സ്യത്തൊഴിലാളികളെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനും ഉപഭോക്താക്കൾക്ക് കേടുകൂടാതെ മത്സ്യം വിലക്കുറവിൽ ലഭ്യമാക്കുന്നതിനും നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ